**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1128** **14-03-2022 - ൽ മറുപടിയ്ക്ക്**

**നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും മേൽ ഫയലിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണത്തിനായി 260 കോടി രൂപയുടെ പുതിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 10.03.2022-ൽ ലഭ്യമായിട്ടുള്ളത് സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| (ബി) | 2016 -ൽ പ്രസ്തുത റോഡ് നവീകരണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത് എന്നറിയിക്കാമോ; നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര തുക ശേഷിക്കുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | 2016 -ൽ പ്രസ്തുത റോഡിന് 450 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 280.33 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചതിൽ ഇതുവരെ 268.18 കോടി രൂപയുടെ ബിൽ പാസായിട്ടുണ്ട്. തയ്യാറാക്കികൊണ്ടിരിക്കുന്ന അവസാന ബില്ല് പൂർത്തീകരിച്ചുൽ മാത്രമേ ആകെ ചെലവായ തുക അറിയാൻ സാധിക്കു. |
| (സി) | നാട്ടുകാണി-പരപ്പനങ്ങാടി റോഡിന്റെ ആകെ നീളം എത്രയെന്നും, സംസ്ഥാന അതിർത്തിയായ നാട്ടുകാണി ചുരം മുതൽ വടപുറം പാലം വരെയുള്ള നിലമ്പൂർ നിയോജക മണ്ഡലത്തിലെ പാതയുടെ നീളം എത്രയെന്നും വ്യക്തമാക്കാമോ; | (സി) | ആകെ നീളം 104.70 കി.മീ അതിൽ നാട്ടുകാണി സംസ്ഥാന അതിർത്തി മുതൽ വടപുറം പാലം വരെ 34.40 കി.മീ ആണ് ദൂരം. |
| (ഡി) | നിലമ്പൂർ സെക്ഷനിൽ നിന്നും എത്ര തുകയാണ് പുതുക്കിയ എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിലമ്പൂർ നഗരസഭയിലെ കരിമ്പുഴ മുതൽ വടപുറം പാലം വരെ റോഡ് 12 മീറ്ററാക്കി വീതി കൂട്ടി ഡ്രൈനേജ് നിർമ്മിക്കുന്നതിനുള്ള തുക പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | കരിമ്പുഴ മുതൽ വടപുറം പാലം വരെ റോഡിന്റെ വീതി 12 മീറ്റർ ആക്കി ഡ്രൈനേജ് നിർമ്മിക്കുന്നതിന് പുതിയ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നിലമ്പൂർ, വണ്ടൂർ, ഏറനാട്, മഞ്ചേരി, മലപ്പുറം, വേങ്ങര, തിരൂരങ്ങാടി എന്നീ 7 മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന നാട്ടുകാണി - പരപ്പനങ്ങാടി റോഡിന് വേണ്ടിയുള്ള 260 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ 10.03.2022 ൽ ലഭ്യമായിട്ടുള്ളതും ആയത് പരിശോധിച്ചു വരികയുമാണ്. |
| (ഇ) | നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണത്തിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ | (ഇ) | കരിമ്പുഴ മുതൽ വടപുറം പാലം വരെ റോഡിന്റെ വീതി 12 മീറ്റർ ആക്കി ഡ്രൈനേജ് നിർമ്മിക്കുന്നതിന് പുതിയ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; പുതുക്കിയ എസ്റ്റിമേറ്റിന് എന്നത്തേക്ക് അനുമതി ലഭിക്കുമെന്ന് അറിയിക്കാമോ? | | നിലമ്പൂർ, വണ്ടൂർ, ഏറനാട്, മഞ്ചേരി, മലപ്പുറം, വേങ്ങര, തിരൂരങ്ങാടി എന്നീ 7 മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന നാട്ടുകാണി - പരപ്പനങ്ങാടി റോഡിന് വേണ്ടിയുള്ള 260 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ 10.03.2022 ൽ ലഭ്യമായിട്ടുള്ളതും ആയത് പരിശോധിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ